# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>തൊഴിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ</u>

951 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് നിലവിൽ നടപ്പിലാക്കിക്കൊണ്ടിരുക്കുന്ന പദ്ധതികൾ ഏതെല്ലാം;

(ബി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുത്ത് നൽകേണ്ട പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; ഓരോ പദ്ധതിക്കും ആവശ്യമായ സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി സ്ഥലം ഏറ്റെടുത്ത് നൽകേണ്ട പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഓരോ പദ്ധതിക്കും ആവശ്യമായ സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി</u>

952 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ ഇൻഷ്വറൻസ് നടത്തിപ്പിനുള്ള ചുമതല ഏത് കമ്പനിക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായവർ സർക്കാർ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യപ്പെടുമ്പോൾ ഒരു ദിവസത്തേക്ക് എത്ര തുകയാണ് ഇൻഷ്വറൻസ് കമ്പനി ഈടാക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ബെഡ് ചാർജ്, ഡോക്ടർ ഫീസ്, നഴ്സിംഗ് ചാർജ്, നഴ്സിംഗ് അസിസ്റ്റന്റ് ചാർജ് എന്നീ ഇനത്തിൽ കമ്പനി ചാർജ് ഈടാക്കുന്നുണ്ടോ; പ്രസ്തുത തുക രോഗിയെ ചികിൽസിക്കുന്ന ഡോക്ടർമാർക്കും മറ്റും നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾക്ക് ഓരോന്നിനും ആരോഗ്യ ഇൻഷ്വറൻസ് വകയിൽ കമ്പനി എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>സേഫ്റ്റി ഓഡിറ്റ് സിസ്റ്റം</u>

953 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സേഫ്റ്റി ഓഡിറ്റ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നിയമ വ്യവസ്ഥകൾ കേരളത്തിൽ നിലവിലുണ്ടോ ;

(ബി) പ്രസ്തുത ഓഡിറ്റ് സിസ്റ്റത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

<u>കസ്തൂരി രംഗന്‍ റിപ്പോര്‍ട്ടും തോട്ടം മേഖലയിലെ തൊഴില്‍ പ്രശ്നങ്ങളും</u>

954 ശ്രീ. എസ്. രാജേന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കസ്തൂരി രംഗന്‍ റിപ്പോര്‍ട്ട് നടപ്പാക്കുമ്പോള്‍ ഏതെല്ലാം തോട്ടമേഖലകളെ ബാധിക്കുമെന്ന് തൊഴില്‍ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; എങ്കില്‍ വെളിപ്പെടുത്തുമോ;

(ബി) തോട്ടം മേഖലയില്‍ ഇതുമൂലം പുറത്താക്കപ്പെടുന്ന തൊഴിലാളികള്‍ക്ക് തൊഴിലും താമസസൗകര്യങ്ങളും ഒരുക്കുന്നതിന് സര്‍ക്കാര്‍ എന്തെങ്കിലും പദ്ധതികള്‍ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സേവന-വേതനവ്യവസ്ഥകള്‍ പുതുക്കി നിശ്ചയിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>മിനിമം പി.എഫ്. പെൻഷൻ</u>

955 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എഫ്. പെൻഷൻകാരായ മൂന്നു ലക്ഷത്തോളം പേർക്ക് തുച്ഛമായ തുകയാണ് പെൻഷനായി ലഭിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പി.എഫ്. പെൻഷൻ തുക ഏറ്റവും കുറഞ്ഞത് ആയിരം രൂപയെങ്കിലും ആയി നിശ്ചയിക്കണമെന്ന ആവശ്യം ഉയർന്നിട്ടുള്ളത് സർക്കാർ ഗൗരവമായിക്കാണുന്നുണ്ടോ;

(സി) ഈ വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിന് സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) പി.എഫ്. പെൻഷൻകാരെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൻ കീഴിൽ കൊണ്ടുവരുന്നതിന് സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ഇ.എസ്.ഐ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

956 ശ്രീ. എം. എ. വാഹിദ്
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിനുള്ള ശമ്പള പരിധി ഉയർത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്ത് ഇത് മൂലം ഗുണഭോക്താക്കൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നത്; വിശദമാക്കുമോ?

(ഡി) ശമ്പള പരിധി ഉയർത്തിയതു മൂലം സംസ്ഥാനത്തെ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുവാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ഇ.എസ്.ഐ. മെഡിക്കല്‍ കോളേജുകള്‍ ആരംഭിക്കാന്‍ നടപടി

957 ശ്രീ. റ്റി.എന്‍. പ്രതാപന്‍
,, എ.റ്റി. ജോര്‍ജ്
,, വി.റ്റി. ബല്‍റാം
,, വി.പി. സജീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ഇ.എസ്.ഐ. മെഡിക്കല്‍ കോളേജുകള്‍ ആരംഭിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) കോളേജ് തുടങ്ങുന്നതിന് ആവശ്യമായ സ്ഥലവും മൂലധനവും എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ എടുത്തിട്ടുണ്ട്; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം</u>

958 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) വാമനപുരം നിയോജകമണ്ഡലത്തിലെ ആനാട് എസ്.എൻ കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭിക്കുന്നില്ലായെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ തൊഴിലാളികൾക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

## പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിന്റെ കെട്ടിടനിർമ്മാണം

959 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിന്റെ കെട്ടിടനിർമ്മാണം ഏതു വർഷമാണ് ആരംഭിച്ചത്;

(ബി) ഇ.എസ്.ഐ. മെഡിക്കൽ കോളേജിന്റെ കെട്ടിടനിർമ്മാണത്തിന് ഇ.എസ്.ഐ.സി. എത്ര തുക നാളിതുവരെ ചെലവഴിച്ചു; ഇനി എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്; വിശദമാക്കുമോ;

(സി) ഇ.എസ്.ഐ. മെഡിക്കൽ കോളേജിന് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസത്തിന് കാരണം എന്താണെന്ന് അറിയിക്കാമോ?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

<u>കാസർഗോഡ് ജില്ലയിലെ ഇ.എസ്.ഐ. ഡിസ്പെൻസറി</u>

960 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇ.എസ്.ഐ. ആനുകൂല്യപരിധിയിൽപ്പെട്ട എത്ര തൊഴിലാളികളാണുള്ളത് ;

(ബി) തൊഴിലാളികൾക്കായി എത്ര ഇ.എസ്.ഐ. ഡിസ്പെൻസറിയാണ് ജില്ലയിൽ പ്രവർത്തിക്കുന്നത് ;

(സി) ജില്ലയിലെ ഇ.എസ്.ഐ. ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടമുണ്ടോ ;

(ഡി) ഇ.എസ്.ഐ. മുഖേനയുള്ള വിദഗ്ദ്ധ ചികിത്സയ്ക്കായി സൗകര്യമുള്ള എത്ര ആശുപത്രികളാണ് ജില്ലയിലുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇവ അപര്യാപ്തമെങ്കിൽ ആവശ്യമായ ഡിസ്പെൻസറികളും വിദഗ്ദ്ധ ചികിത്സയ്ക്ക് ആവശ്യമായ സംവിധാനവും ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ചേർത്തല ഇ.എസ്.ഐ. ആശുപത്രി

961 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിലെ ഇ.എസ്.ഐ. ആശുപത്രിയിലെ പരിമിതികൾ ജനങ്ങളെ ബുദ്ധിമുട്ടിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) രോഗികളുടെ വർദ്ധനവിനനുസരിച്ചുള്ള ഡോക്ടർമാരും മറ്റ് ജീവനക്കാരും മരുന്നുകളും മറ്റു സൗകര്യങ്ങളും പ്രസ്തുത ആശുപത്രിയിലില്ല എന്നകാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) മതിയായ ചികിത്സ കിട്ടാതെ രോഗികളായ തൊഴിലാളികൾ ബുദ്ധിമുട്ടുന്നകാര്യം ബോദ്ധ്യപ്പെട്ട് ചേർത്തല ഇ.എസ്.ഐ. ആശുപത്രിയിൽ ആവശ്യമായ സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനങ്ങൾ</u>

962 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത എത്രപേരെ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ജോലിക്ക് ശുപാർശ ചെയ്യാൻ സാധിച്ചിട്ടുണ്ട്; അതിൽ എത്രപേർക്ക് താൽക്കാലിക നിയമനം ലഭിച്ചു; ഇത് പി. എസ്. സി. വഴിയല്ലാതെ സർക്കാർ നേരിട്ട് നടത്തിയ നിയമനങ്ങളുടെ എത്ര ശതമാനമാണ്;

(സി) സംസ്ഥാനത്ത് തൊഴിലില്ലായ്മ വേതനത്തിന് അർഹരായ എത്ര പേരുണ്ടെന്നും, ഇതിൽ എത്രപേർക്ക് അത് ലഭിക്കുന്നുണ്ടെന്നും ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; കുടിശ്ശിക വിതരണം ചെയ്യാനുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഡി) സംസ്ഥാനത്ത് ആകെ എത്ര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഉണ്ട്; എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ എണ്ണം എത്ര; ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ഇ) പേര് രജിസ്റ്റർ ചെയ്ത് വർഷങ്ങൾ കഴിഞ്ഞിട്ടും ഒരു ഇന്റർവ്യൂ കാർഡുപോലും ലഭിക്കാത്തവരായി ധാരാളം പേരുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(എഫ്) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് വർഷങ്ങളായി തൊഴിലിന് കാത്ത് ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുണ്ടായിരിക്കെ, തൊഴിൽ വകുപ്പുൾപ്പെടെയുള്ള സംസ്ഥാനത്തെ സർക്കാർ - അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ യാതൊരു മാനദണ്ഡവും ഇല്ലാതെ നേരിട്ട് നിയമനം നടത്തിക്കൊണ്ടിരിക്കുന്നത് തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ കൈക്കൊണ്ട നടപടി വിശദമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ നവീകരണം</u>

963 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ നവീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എപ്രകാരമാണ് നവീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നവീകരണത്തിലൂടെ എന്തെല്ലാം ഗുണങ്ങളാണ് ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനം</u>

964 ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു
,, മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി തൊഴിലിനായി അഭിമുഖത്തിന് വിളിക്കുന്നതിലെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) അർഹതപ്പെട്ടവർക്കും ദീർഘനാളുകൾക്ക് മുമ്പേ രജിസ്റ്റർ ചെയ്തവർക്കും തൊഴിൽ ലഭ്യമാകുന്നില്ലായെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ</u>

965 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഇപ്പോൾ എത്ര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാണ് ഉള്ളത്;

(ബി) ഇവയിലെല്ലാം കൂടി ഇതുവരെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ എണ്ണം ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(സി) രജിസ്റ്റർ ചെയ്തിരിക്കുന്നവരിൽ ഉന്നതവിദ്യാഭ്യാസ യോഗ്യതയുള്ളവർ എത്രയെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ</u>

966 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എംപ്ലോയിമെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം എത്രയായിരുന്നു; 2013 ഡിസംബർ മാസം നാളിതുവരെ രജിസ്റ്റ്ർ ചെയ്ത ഉദ്യോഗാർത്ഥികളുടെ എണ്ണം എത്ര എന്ന് വ്യക്തമാക്കാമോ;

(ബി) 2013 ഡിസംബർ മാസം നാളിതുവരെ തൊഴിൽ രഹിത വേതനത്തിനായി അപേക്ഷിച്ചവർ എത്ര; നിലവിൽ എത്ര പേർക്ക് തൊഴിലില്ലായ്മ വേതനം നൽകുന്നു; എത്ര മാസത്തെ വേതനം കുടിശ്ശിക ആയിട്ടുണ്ട്; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവർ</u>

967 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-11, 2012-13 കാലയളവുകളിൽ സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികളുടെ കണക്ക് എത്രയാണെന്ന് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പേർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി തൊഴിൽ നൽകാൻ കഴിഞ്ഞുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനത്തിന്റെ പ്രായപരിധി</u>

968 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനത്തിന് നിലവിലുള്ള പ്രായപരിധി എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രായപരിധി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ആയതിന് എന്നുമുതലാണ് പ്രാബല്യം നൽകാൻ ഉദ്ദേശിക്കുന്നത്; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇതിന് മുൻകാല പ്രാബല്യം ഉണ്ടായിരിക്കുമോ; എങ്കിൽ എപ്പോൾ മുതൽ എന്നും അവരെ സീനിയോറിറ്റി ലിസ്റ്റിൽ വീണ്ടും ഉൾപ്പെടുത്തുമോ എന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>വടകര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ</u>

969 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകര എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവരിൽ 25 വർഷവും അതിനുമുകളിലും സീനിയോറിറ്റിയുള്ളവരും ഇപ്പോഴും രജിസ്ട്രേഷൻ നിലവിലുള്ളവരുമായ എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരിൽ ഒരു ജോലിക്കു പോലും ഇതുവരെ പരിഗണിക്കപ്പെടാത്ത എത്ര പേരുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>അക്കാദമി ഫോർ സ്കിൽഡ് എക്സലൻസ്</u>

970 ശ്രീ. കെ. ശിവദാസൻ നായർ
,, എം. പി. വിൻസെന്റ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്കാദമി ഫോർ സ്കിൽഡ് എക്സലൻസ് സ്ഥാപിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) ഏതെല്ലാം പദ്ധതികളാണ് ഈ സ്ഥാപനം വഴി നടപ്പിലാക്കിയത് ;

(ഡി) ഇവ ഏതെല്ലാം തൊഴിൽ മേഖലയിലാണ് നടപ്പിലാക്കിയത് ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

ബാലുശ്ശേരിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.കൾ

971 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐ.കൾ സ്ഥാപിക്കുന്നതിന് ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ ഭൂമി ലഭ്യമാക്കിക്കൊണ്ടുള്ള വാഗ്ദാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, വാഗ്ദാനം ചെയ്യപ്പെട്ട സ്വകാര്യ ഭൂമിയിൽ ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് ശുപാർശകൾ സമർപ്പിക്കാൻ ബന്ധപ്പെട്ടവർക്കു നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പ്ലേസ്മെന്റ് പോർട്ടൽ</u>

972 ശ്രീ. കെ. മുരളീധരൻ
'' ഡൊമിനിക് പ്രസന്റേഷൻ
'' ഹൈബി ഈഡൻ
'' എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്ലേസ്മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ കണ്ടെത്തുന്ന പദ്ധതി ഐ.റ്റി.ഐ കളിൽ നടപ്പാക്കിയിട്ടുണ്ടോ, വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) സംസ്ഥാനത്തെ എല്ലാ ഐ.റ്റി.ഐ കളിലും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കണ്ണൂർ പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് കെട്ടിടം പണിയുന്നതിനു ഭൂമി</u>

973 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പെരിങ്ങോം - വയക്കര പഞ്ചായത്തിൽ ആരംഭിച്ച പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് കെട്ടിടം പണിയുന്നതിനുവേണ്ടി ലാന്റ് ബോർഡ് ഉത്തരവ് പ്രകാരം പെരിങ്ങോം വില്ലേജിൽ നീക്കിവെച്ച ഭൂമി കൈമാറി കിട്ടുന്നതിനുവേണ്ടി നിശ്ചിത മാതൃകയിൽ ബന്ധപ്പെട്ട വകുപ്പ് അധികാരികൾ റവന്യൂ വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഐ.ടി.ഐ.യ്ക്ക് ഭൂമി കൈമാറി കിട്ടുന്നതിനുവേണ്ടി നൽകിയ അപേക്ഷയിൽ തീരുമാനമുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ചാത്തന്നൂരിലെ സംസ്ഥാനതല കൺസ്ട്രക്ഷൻ അക്കാദമി</u>

974 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനതല കൺസ്ട്രക്ഷൻ അക്കാദമി ചാത്തന്നൂരിൽ സ്ഥാപിക്കുന്നതിലേക്കായി എത്ര ഏക്കർ ഭൂമി വാങ്ങിയെന്നും, ആയതിലേക്ക് എത്ര രൂപ മുടക്കിയെന്നും ഭൂമി വാങ്ങിയത് എന്നാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഔദ്യോഗികമായി പ്രസ്തുത ഭൂമിയിൽ ആരംഭിച്ചത് എന്നാണ്; തുടർ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഭൂമി വാങ്ങി 3 വർഷം കഴിഞ്ഞിട്ടും പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനം അവിടെ ആരംഭിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കാരണം എന്താണെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത സ്ഥാപനം പ്രാവർത്തികമാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുവെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

ചാത്തന്നൂർ ഗവ: ഐ.ടി.ഐ.യിലെ ട്രേഡുകൾ

975 ശ്രീ. ജി.എസ്.ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ഗവ. ഐ.ടി.ഐ.യിൽ നിലവിലുള്ള അടിസ്ഥാനസൗകര്യങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത സ്ഥാപനത്തിൽ നിലവിലുള്ള ട്രേഡുകൾ ഏതൊക്കെയാണെന്നും, ഓരോ ട്രേഡിലും എത്ര കുട്ടികൾക്ക് അഡ്മിഷൻ നൽകുവാൻ സൗകര്യമുണ്ടെന്നും അറിയിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഏതെങ്കിലും ട്രേഡുകൾ ആരംഭിച്ചുവോ; എങ്കിൽ ഏതൊക്കെയാണെന്ന വിവരം ലഭ്യമാക്കാമോ;

(ഡി) നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി പുതിയ ട്രേഡുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ചാലക്കുടി ഗവൺമെന്റ് ഐ. ടി. ഐ.</u>

976 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവൺമെന്റ് ഐ. ടി. ഐ. യിൽ അനുവദിച്ചിട്ടുള്ള ടൊയോട്ട ടെക്നിക്കൽ എജ്യുക്കേഷണൽ പ്രോഗ്രാം നടപ്പാക്കുന്നതിനും പദ്ധതി പ്രകാരം പരിശീലനം ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പരിശീലനം എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ ?

**കേരള നിയമസഭ**
**08.01.2014-ലെ മറുപടിക്ക്**

<u>കണ്ണൂർ, മാടായി ഐ. ടി. ഐ.</u>

977 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി ഐ. ടി. ഐ. കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ഫോട്ടോഗ്രഫി മേഖലയിലെ തൊഴിലാളികൾ</u>

978 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫോട്ടോഗ്രഫി മേഖലയിൽ തൊഴിലെടുത്ത് ജീവിക്കുന്ന എത്ര പേരുണ്ട്;

(ബി) പാസ്പോർട്ടിനും മറ്റ് തിരിച്ചറിയൽ രേഖകൾക്കും ഓൺലൈൻ അപേക്ഷ നൽകുമ്പോൾ അവിടെ നിന്നു തന്നെ ഫോട്ടോ എടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വ്യവസ്ഥ ഫോട്ടോഗ്രഫി മേഖലകളിൽ പണിയെടുക്കുന്നവരെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓൺലൈൻ അപേക്ഷകളിൽ പുറത്തുനിന്നുള്ള ഫോട്ടോകൾ സ്കാൻ ചെയ്ത് അപേക്ഷിക്കാൻ പാടില്ല എന്ന് സർക്കാർ നിർദ്ദേശമുണ്ടോ;

(ഡി) വിവിധ തിരിച്ചറിയൽ രേഖകളിൽ ഓൺലൈൻ ഫോട്ടോകൾ പലതും വ്യക്തതയില്ലാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അപേക്ഷകരുടെ ഇച്ഛാനുസരണം ഫോട്ടോ ഉപയോഗിക്കാമെന്ന നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

കൊരട്ടി വൈഗാ ത്രഡ്സ് കമ്പനിയിലെ തൊഴിലാളി പ്രശ്നങ്ങൾ

979 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊരട്ടി വൈഗാ ത്രഡ്സ് കമ്പനിയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>പട്ടാമ്പിയിൽ അസിസ്റ്റന്റ് ലേബർ കമ്മീഷണർ ഓഫീസ് രൂപീകരണം</u>

980 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

പട്ടാമ്പി താലൂക്ക് രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടാമ്പിയിൽ ഒരു അസിസ്റ്റന്റ് ലേബർ കമ്മീഷണർ ഓഫീസ് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത അന്യസംസ്ഥാന തൊഴിലാളികൾ</u>

981 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം എത്ര അന്യസംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; ഇനിയും രജിസ്റ്റർ ചെയ്യാൻ എത്ര തൊഴിലാളികൾ ഉണ്ടെന്ന് ഗവൺമെന്റ് കണക്കാക്കിയിട്ടുണ്ടോ; രജിസ്റ്റർ ചെയ്യുന്നതിന് തൊഴിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കുടിയേറ്റ തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നാളിതുവരെ നൽകിയെന്ന് വ്യക്തമാക്കുമോ;

(സി) കുടിയേറ്റ തൊഴിലാളികൾ ജോലിക്കിടെ മരണപ്പെട്ട എത്ര സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; എങ്കിൽ അവരുടെ കുടുംബങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്;

(ഡി) കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചു;

(ഇ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുവദിച്ച 10 കോടി രൂപയിൽ എത്ര തുക ചെലവഴിച്ചു;

(എഫ്) ഈ സർക്കാരിന്റെ കാലത്ത് ഇതിനകം എത്ര തുക ഈ പദ്ധതിക്കായി നൽകി; വിശദമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾ</u>

982 ശ്രീ.എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര അന്യസംസ്ഥാന തൊഴിലാളികൾ താമസിച്ച് തൊഴിലെടുക്കുന്നുണ്ട്; ജില്ലതിരിച്ചുളള കണക്ക് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തൊഴിലാളികൾ ഏതെല്ലാം മേഖലകളിലാണ് തൊഴിലെടുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇവർക്ക് റേഷൻ കാർഡോ തിരിച്ചറിയൽ കാർഡോ നല്കിയിട്ടുണ്ടോ;

(ഡി) ഇവരുടെ പേര് വോട്ടർപട്ടികയിൽ ഉൾപ്പെടുത്തുന്നുണ്ടോ;

(ഇ) ഏതെങ്കിലും ക്ഷേമനിധി പദ്ധതിയിൽ അംഗത്വമെടുക്കാൻ ഇവർക്ക് അനുമതി നല്കിയിട്ടുണ്ടോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

അന്യസംസ്ഥാന തൊഴിലാളികൾക്കായുള്ള
ക്ഷേമപ്രവർത്തനങ്ങൾ

983 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത തൊഴിലാളികളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(സി) ഈ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം നൽകുമോ ;

(ഡി) ഇവരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ തൊഴിലാളികൾ ചൂഷണം ചെയ്യപ്പെടുന്ന വിവരങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
# 08.01.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ രജിസ്ട്രേഷൻ</u>

984 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രജിസ്റ്റർ ചെയ്യാതെ അന്യസംസ്ഥാന തൊഴിലാളികളെ കൊണ്ട് ജോലി ചെയ്യിപ്പിച്ചാൽ പിഴ ഈടാക്കാൻ നിയമം കൊണ്ടുവരണമെന്ന ശുപാർശ ലേബർ കമ്മീഷണറേറ്റിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത തൊഴിലാളികളുടെ രജിസ്ട്രേഷൻ ഉറപ്പുവരുത്തുക എന്നത് ആരുടെ ഉത്തരവാദിത്വമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇത് കർശനമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആലോചിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ക്ഷേമനിധി ആനുകൂല്യങ്ങൾ ബാങ്ക് വഴി വിതരണം</u>

985 ശ്രീ. പാലോട് രവി
,, വി. റ്റി. ബൽറാം
,, പി. എ. മാധവൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷേമനിധി ആനുകൂല്യങ്ങൾ ആധാർ അധിഷ്ഠിത ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സംവിധാനം വഴിയുള്ള ആനുകൂല്യങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>ക്ഷേമനിധി ബോർഡുകളിലെ ലാഭനഷ്ട കണക്കുകൾ</u>

986 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ക്ഷേമനിധി ബോർഡുകളാണ് പ്രവർത്തിക്കുന്നതെന്നും, അവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(ബി) ക്ഷേമനിധി ബോർഡുകളിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര ബോർഡുകളുണ്ടെന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര ലാഭമാണ് ഇവ നേടിയതെന്നും വ്യക്തമാക്കാമോ;

(സി) ക്ഷേമനിധി ബോർഡുകളിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന എത്ര ബോർഡുകളുണ്ടെന്നും, അവ ഏതെല്ലാമെന്നും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്രയാണ് നഷ്ടമുണ്ടായതെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>നിർമ്മാണതൊഴിലാളി ക്ഷേമനിധിയിൽ അന്യസംസ്ഥാന തൊഴിലാളികൾക്കായുള്ള രജിസ്ട്രേഷൻ</u>

987 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർമ്മാണതൊഴിലാളി ക്ഷേമനിധിയുടെ കീഴിൽ രൂപീകരിച്ച അന്യസംസ്ഥാന തൊഴിലാളികൾക്കായുള്ള പ്രത്യേക രജിസ്ട്രേഷനും ക്ഷേമപദ്ധതികളും കാര്യക്ഷമമായി നടപ്പാക്കാൻ കഴിഞ്ഞില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2010, 2011 കാലയളവിൽ ക്ഷേമനിധിയിൽ എത്ര തൊഴിലാളികൾ അംഗമായിരുന്നു;

(സി) നിലവിൽ എത്ര ശതമാനം തൊഴിലാളികളെ പ്രസ്തുത ക്ഷേമനിധിയിൽ അംഗമാക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) കൂടുതൽപേരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

അന്യ സംസ്ഥാന തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ

988 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ പകർച്ച വ്യാധികൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അന്യ സംസ്ഥാനതൊഴിലാളികൾക്ക് താമസം, ഭക്ഷണം, ആരോഗ്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് തൊഴിലെടുക്കുന്ന ലക്ഷക്കണക്കിന് അന്യസംസ്ഥാന തൊഴിലാളികളുടെ ജീവിതാന്തരീക്ഷത്തിന് മാനുഷിക മുഖം നൽകുന്നതിന് സർക്കാർ അടിയന്തിരമായി ഇടപെടുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

ബാർബർ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

989 ശ്രീ. എം. എ. ബേബി
,, എം. ചന്ദ്രൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാർബർ തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ; ഇവ കാലോചിതമായി പരിഷ്കരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ ;

(സി) ബാർബർ തൊഴിലാളികളുടെ അസോസിയേഷൻ അവരുടെ ആവശ്യങ്ങളടങ്ങുന്ന നിവേദനം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം ആവശ്യങ്ങളാണ് പ്രസ്തുത തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ളത് ;

(ഡി) അസോസിയേഷൻ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങളെക്കുറിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; ഓരോ ആവശ്യവും സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ ;

(ഇ) കേരളത്തിൽ ബാർബർ തൊഴിലിലേർപ്പെട്ടിരിക്കുന്ന എത്ര തൊഴിലാളികളുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>തൊഴിൽ സ്ഥലത്തെ ലൈംഗിക പീഡനം</u>

990 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ സ്ഥലത്തെ ലൈംഗിക പീഡനം തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിലുള്ള എത്ര കേസ്സുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പ്രസ്തുത കേസുകളിൽ എടുത്ത ശിക്ഷാനടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 08.01.2014-ലെ മറുപടിക്ക്

<u>നോക്കുകൂലി</u>

991 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
'' റ്റി. എൻ. പ്രതാപൻ
'' വി. ഡി. സതീശൻ
'' പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നോക്കുകൂലി വിമുക്തമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) ഈ ജില്ലകളിൽ നോക്കുകൂലി പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) അവശേഷിക്കുന്ന ജില്ലകളെകൂടി നോക്കുകൂലി വിമുക്ത ജില്ലകളാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?